# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2256 — 18.07.2016 -ൽ മറുപടിക്ക്

## വിദേശ ജയിലുകളിലുള്ള കേരള മത്സ്യത്തൊഴിലാളികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.റ്റി തോമസ്<br>ശ്രീ.വി.റ്റി ബൽറാം | | ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സമുദ്രാതിർത്തി ലംഘിച്ചതു കാരണം മറ്റ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | സമുദ്രാതിർത്തി ലംഘിച്ചതു കാരണം മറ്റ് രാജ്യങ്ങളിലെ ജയിലുകളിൽ ഇപ്പോൾ കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഒന്നും ഉള്ളതായി വിവരം ലഭിച്ചിട്ടില്ല. ബ്രിട്ടീഷ് ഇന്ത്യൻ ഓഷ്യൻ ടെറിട്ടറി (BIOT) യിൽ മത്സ്യബന്ധനം നടത്തിയതിന് ഡീഗോ ഗാർഷ്യ ദ്വീപിൽ തടവിലായ 5 കേരള മത്സ്യതൊഴിലാളികൾ മോചിതരായി സ്വന്തം ദേശങ്ങളിൽ തിരികെ എത്തിയിട്ടുണ്ട്. |
| (ബി) | ഇവരെ ജയിൽമോചിതരാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ; | (ബി) | പ്രസ്തുത രാജ്യത്തെ നിയമ പ്രകാരം ചുമത്തിയ പിഴ അടച്ചതിനാൽ ആണ് ടി 5 കേരള മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ 19 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ മോചിപ്പിച്ചത്. സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായി ചേർന്ന് നയതന്ത്ര തലത്തിൽ നടത്തിയ ഇടപെടലുകളും ഇവരുടെ മോചനത്തിന് സഹായകമായി. |
| (സി) | ഇങ്ങനെ സമുദ്രാതിർത്തി ലംഘിച്ചാൽ ഉണ്ടാകുന്ന സാഹചര്യം വ്യക്തമാക്കാമോ ; | (സി) | 12 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനം നടത്തുന്നതിനാണ് KMFR Act പ്രകാരം ഫിഷിംഗ് ലൈസൻസ് നൽകുന്നത്. മത്സ്യ ലഭ്യത കുറയുമ്പോൾ മത്സ്യത്തൊഴിലാളികൾ മത്സ്യം ലഭ്യമാകുന്ന സ്ഥലം തേടി പോകുകയും അതിർത്തി ലംഘിച്ച് മറ്റ് രാജ്യങ്ങളുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നടത്തുകയും സുരക്ഷാകാരണങ്ങളാൽ പിടിയിലാവുകയും ചെയ്യുന്നു. അതാത് രാജ്യങ്ങളിലെ നിയമ വ്യവസ്ഥയ്ക്ക് അനുസരിച്ചായിരിക്കും തുടർ ശിക്ഷാനടപടികൾ ഉണ്ടാകുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിലെ മത്സ്യത്തൊഴിലാളികൾ സമുദ്രാതിർത്തി ലംഘിക്കുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ? | (ഡി) | മറ്റ് രാജ്യങ്ങളുടെ സമുദ്രാതിർത്തി ലംഘിച്ചിട്ടുള്ള അനധികൃത മത്സ്യബന്ധനം രാജ്യങ്ങൾ തമ്മിലുള്ള ഉഭയകക്ഷി ബന്ധങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും നിയമ ലംഘനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് അതാത് രാജ്യത്തെ തീരസംരക്ഷണ സേനയുടെ നടപടി ഉണ്ടാകുമെന്നതും കാരണം ഇത്തരത്തിലുള്ള അനധികൃത മത്സ്യ ബന്ധനം തടയുന്നതിന് തീരസംരക്ഷണസേന, നാവിക സേന, തീരദേശ പോലീസ്, ഫിഷറീസ് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ അപ്രകാരം പിടിയിലാവുന്ന മത്സ്യത്തൊഴിലാളികൾ അതത് രാജ്യത്തെ നിയമപ്രകാരമുള്ള ശിക്ഷയ്ക്കും വിധേയമാകും എന്ന കാര്യം മത്സ്യത്തൊഴിലാളികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. ഇപ്രകാരം സമുദ്രാതിർത്തി ലംഘിച്ചുള്ള മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾ പിടിച്ചെടുത്ത് പിഴ ചുമത്തുക, രജിസ്ട്രേഷൻ /ലൈസൻസ് എന്നിവ റദ്ദ് ചെയ്യുക, നിയമലംഘനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ ക്ഷേമനിധി അംഗത്വം, ബയോമെട്രിക് ഐഡന്റിറ്റി കാർഡ് എന്നിവ റദ്ദ് ചെയ്യുക എന്നീ നടപടികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരികയാണ്. ഈ വിഷയത്തിൽ മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഇത്തരം നടപടികൾ ശക്തിപ്പെടുത്തുന്നതിന് ഫിഷറീസ്, കോസ്റ്റൽ പോലീസ്, ഇന്ത്യൻ നേവി, കോസ്റ്റ് ഗാർഡ് എന്നീ വിവിധ തീരസുരക്ഷാ ഏജൻസികളുടെ സംസ്ഥാനതല ചുമതലക്കാരുടെ ഒരു യോഗം 07.07.2016 ന് കൊച്ചിയിൽ വിളിച്ച് ചേർത്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**